പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ ക്രമക്കേടുകൾ

1092 [2020] ശ്രീ. ജി. കാർത്തികേയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ ക്രമക്കേടുകളെക്കുറിച്ച് സർക്കാർ തലത്തിൽ ഒരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ;

(ബി) അവിടത്തെ രോഗികളോട് വളരെ മോശപ്പെട്ട രീതിയിലാണ് ആശുപത്രി ജീവനക്കാർ പെരുമാറുന്നതെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യത്തിന് മരുന്നുകളും, വസ്ത്രങ്ങളും, സ്നേഹമായ പെരുമാറ്റവും അവിടത്തെ അന്തേവാസികളായ രോഗികൾക്ക് കിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) രോഗികളെ കാണാൻ വരുന്ന ബന്ധുക്കൾക്ക് അവരെ സൗകര്യമായി കാണുവാനുള്ള അവസരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) ഈ ആശുപത്രി പരിസരത്തെ സാമൂഹ്യവിരുദ്ധൻമാരുടെ പിടിയിൽനിന്ന് രക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ ക്രമക്കേടുകളെക്കുറിച്ച് കൃഷ്ണമൂർത്തി കമ്മീഷനും, അസംബ്ലി എസ്റ്റിമേറ്റ് കമ്മിറ്റിയും, സമഗ്രമായ അന്വേഷണം നടത്തി അവരുടെ റിപ്പോർട്ടുകൾ ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആവശ്യമായ മരുന്നുകൾ വാങ്ങുവാനുള്ള അധികാരം സൂപ്രണ്ടിന് നൽകിക്കഴിഞ്ഞു. ഇപ്പോൾ മരുന്നുകൾ ലഭ്യമാണ്. വസ്ത്രങ്ങളും നൽകുന്നുണ്ട്. മനോരോഗികളെ പരിചരിക്കേണ്ട രീതികളെക്കുറിച്ച് ആശുപത്രി ജീവനക്കാർക്ക് ഇപ്പോൾ പ്രത്യേക പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്.

(ഡി) 1985 ഒക്ടോബർ മാസം മുതൽ രോഗികളുടെ ബന്ധുക്കൾക്ക് രോഗികളെ അവർ കിടക്കുന്ന വാർഡുകളിൽ സ്വതന്ത്രമായി പോയി കാണുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇന്ന് അങ്ങിനെയൊരു സ്ഥിതി നിലവിലില്ല.

മനോരോഗികൾക്കായി പുനരധിവാസ കേന്ദ്രങ്ങൾ

1093 [2021] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനോരോഗികൾക്കായി സംസ്ഥാനത്ത് എത്ര പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഈ പുനരധിവാസ കേന്ദ്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയിലൊന്ന് തൃശ്ശൂരിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്നെണ്ണം.

(ബി) രോഗം ഭേദമായിട്ടും മടങ്ങിപ്പോകാൻ കഴിയാത്തവർക്കും രോഗവിമുക്തി നേടിയശേഷം ജോലി ചെയ്യാൻ കഴിവുള്ളവർക്കും സ്വതന്ത്രമായി ജീവിക്കുന്നതിന് ഒരു വരുമാനമാർഗ്ഗം ഉണ്ടാക്കുന്നതിനായി കൈത്തൊഴിൽ, കൃഷി മുതലായവയിൽ പരിശീലനം നൽകുകയാണ് ഈ കേന്ദ്രങ്ങളുടെ മുഖ്യലക്ഷ്യം.

(സി) എവിടെയെല്ലാം സ്ഥാപിക്കണമെന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

പേരൂർക്കട ഗവൺമെന്റ് ആശുപത്രിയുടെ വികസനം

1094 [2022] ശ്രീ. ജി. കാർത്തികേയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ഗവൺമെന്റ് ആശുപത്രി വികസിപ്പിക്കാനുള്ള എന്തെങ്കിലും ഉദ്ദേശം ഗവൺമെന്റിനുണ്ടോ;

(ബി) ഓരോ രോഗത്തിനുമുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ച് കൂടുതൽ രോഗികൾക്ക് ആശ്വാസം പകരുവാനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഈ ആശുപത്രിക്ക് ഇഷ്ടംപോലെ സ്ഥലം ഉള്ളതുകൊണ്ടും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേ വാർഡ് സൗകര്യം വളരെ കുറവായതുകൊണ്ടും കൂടുതൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേ വാർഡുകൾ ഈ ആശുപത്രി വളപ്പിൽ നിർമ്മിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ആശുപത്രിയുടെ സ്റ്റാറ്റസ് ഉള്ള ഈ ആശുപത്രിക്ക് അത്യാവശ്യത്തിനായി ഒരു ആംബുലൻസ് വാങ്ങിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ഇ) ആശുപത്രി വാർഡുകളുടെ ശോച്യാവസ്ഥ മാറ്റാനും വൃത്തിഹീനമായിക്കിടക്കുന്ന വാർഡുകൾ വൃത്തിയാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ രോഗത്തിനുമുള്ള സ്പെഷ്യലിസ്റ്റുകളെ ഇവിടെ നിയമിച്ചിട്ടുണ്ട്.

(സി) ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly